# അക്ഷരജാലകം

സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ കൂടരഞ്ഞി

# ആശംസ

ഡിജിറ്റൽ ലോകത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ആണല്ലോ നാം ജീവിക്കുന്നത്. എല്ലാ മേഖലയിലും ഡിജിറ്റലൈസേഷൻ നടപ്പിലായി വരുകയാണല്ലോ. ഈ അവസരത്തിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾ തയ്യാറാക്കിയ 'അക്ഷരജാലകം' ഡിജിറ്റൽ മാഗസിന് ഏറെ സ്ഥാനമുണ്ട്. വളരെ മികച്ച നിലവാരം പുലർത്തുന്ന ഒന്നാണിത്. കുട്ടികളുടെ സർഗാത്മക കഴിവുകളെ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ വഴി മികച്ച ഒരു മാഗസിൻ നമുക്ക് ലഭിച്ചിരിക്കുകയാണ്. ഈയൊരു തുടക്കം ഡിജിറ്റൽ ലോകത്തിലേക്ക് നിങ്ങൾക്ക് ഒരു പുതിയ വെളിച്ചമാകട്ടെ. അതോടൊപ്പം നമ്മുടെ സ്കൂളിലെ എല്ലാ മക്കളെയും ഡിജിറ്റൽ ലോകത്തിന്റെ അനന്ത സാധ്യതകളിലേക്ക് എത്തിക്കുന്നതിൽ നിങ്ങളുടെ കൂട്ടായ പരിശ്രമം ഉണ്ടാവട്ടെ. ഈ അവസരത്തിൽ ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അതോടൊപ്പം നിങ്ങൾക്ക് നേതൃത്വം നൽകിയ ഷിന്റോ സാർ ബെറ്റ്സി ടീച്ചർ എന്നിവർക്കും എല്ലാവിധ അഭിനന്ദനങ്ങളും അറിയിക്കുകയാണ്. നമ്മുടെ ക്ലബ്ബ് പ്രവർത്തനം വഴി നിങ്ങൾ എല്ലാവരും ഉന്നത നിലവാരത്തിലേക്ക് എത്തട്ടെ എന്ന് ആശംസിച്ചുകൊണ്ടും, ഈ ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ടും സ്നേഹപൂർവ്വം

ഹെഡ്മാസ്റ്റർ
സജി ജോൺ

# ആശംസ

അക്ഷരജാലകം എന്ന പേരിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനിലൂടെ വെളിച്ചംകാണുന്നത് കുട്ടികളുടെ സർഗാത്മകമായ കഴിവുകളാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് അവരുടെ സർഗ്ഗ രചനകളെ, സാങ്കേതികവിദ്യകളുടെ സഹായത്തോടെ ഡിജിറ്റൽ രൂപത്തിലാക്കി ഒരു മാഗസിനായി പ്രസിദ്ധീകരിക്കാൻ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ നടത്തിയ ശ്രമമാണ് ഇവിടെ വിജയം കാണുന്നത്. രചനകൾ നടത്തിയ എല്ലാവർക്കും, അതിനെ ഡിജിറ്റൽ മാഗസിനാക്കി ഒരുക്കിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.

കൈറ്റ് മാസ്റ്റർ
ഷിന്റോ മാനുവൽ

# ആശംസ

അറിവിന്റെ പുത്തൻ വാതായനങ്ങൾ ഡിജിറ്റൽ ലോകം നമുക്കായി തുറന്നു തരികയാണ്. കുട്ടികളുടെ സർഗസൃഷ്ടികൾ എല്ലാവരിലും എത്തിക്കാൻ  ഈ ഡിജിറ്റൽ മാഗസിനിലൂടെ സാധ്യമാകും. അക്ഷരജാലകം എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ എല്ലാ കുട്ടികൾക്കും ആശംസകൾ

കൈറ്റ് മിസ്ട്രസ്
ബെറ്റ്സി മേരി

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

ഫാത്തിമ ലുലു .കെ .എ

## എഡിറ്റേഴ്സ്

പ്രാർത്ഥന ബിത്തു
ദിയ. പി. കെ
അനഘ മരിയ ബിനു
റിഷാന ഫാത്തിമ .കെ .ആർ
ആൽഫിയ സജി

# ഉള്ളടക്കം

*പോറ്റി വളർത്തിയവർ.......................08
*പാടാത്ത പൈങ്കിളി..........................09
*കുഞ്ഞു പൂമ്പാറ്റ...............................13
*പ്രകൃതി സംരക്ഷണം.......................14
*ജീവിതം.............................................15
*ആന്റോണിയോയും അവന്റെ
പട്ടിക്കുട്ടിയും......................................16
*അമ്മ.................................................19
*പ്രത്യാശ...........................................20
*ലഹരി ആപത്ത് ...............................21
*ചിറകറ്റ പക്ഷികൾ...........................24
*സിംഹത്തെ വീഴ്ത്തിയ മുയൽ........25
*ജയം..................................................29

*ഉയരങ്ങളിലേക്ക്..............................30
*മുറ്റത്തെ പൂക്കൾ.............................32
*അനാഥത്വം........................................33
*ഭൂമി.................................................36
*എന്റെ സ്വപ്നം..................................37

# പോറ്റി വളർത്തിയവർ..

അന്നു തട്ടിമറിച്ചിട്ട ഒരു വിളക്ക്-
മണ്ണെണ്ണയിൽ ഒലിച്ചു പോയി..!
കൂരിരുട്ടിൻ മുഴുനീള യാത്രയുടെ
കണ്ണു പിടിക്കാത്ത ഇരുണ്ട പാത..

രണ്ടു തക്കാളിക്കായും മൂന്നു പച്ചമുളകും
താളത്തിൽ താളിച്ചൊരു താളിപ്പും കറി..
ഇല്ലായ്മക്കു മുഖം കൊടുക്കാതെ
പൊട്ടിയ സൂചി കൊണ്ടെങ്കിലും..പയ്യെ
ജീവിതമവിടെ തുന്നിക്കൂട്ടിയവർ ..
നടന്ന വഴിയിലുടനീളം നൻമ വിതച്ചവർ..

കുഞ്ഞു     കൈയിൽ വെളിച്ചെണ്ണ കടം വാങ്ങി
ഒരു പിടിയുപ്പാൽ സ്നേഹ രസം
മതിയാവോളം വറവിട്ടെടുത്തവർ ..
വാരമതിലൊരിക്കൽ കിട്ടുന്ന മാംസം
നീട്ടിയരച്ചൊരു ചെറുപാത്രമെങ്കിലും
അടുക്കള വഴിയ-യൽപക്കം തിരഞ്ഞവർ ..

കൊടുവാളും തരികക്കൊരു മുണ്ടുമായ്
മലമുകളിലും ചെറു കാടുകളിലും
വിറകിന്റെ അടയാളങ്ങൾ തേടിയവർ..
വിയർത്തു തളർന്നു ചുമടിറിക്കി
പിന്നെയുമാ കത്താൻ മടിക്കും മണ്ണിന്റെ
മൂന്നു കാലുള്ള അടുപ്പിൻ ചാരേക്ക്..
ഇവരാണ് പോറ്റിയവർ.. ഇവർ തന്നെ..

അന്ന ആഷ്‌ലിൻ
10 B

# പാടാത്ത പൈങ്കിളി

. നട്ടുച്ച വെയിലിൽ ഓടി മറിഞ്ഞ് കളിച്ച് വിയർത്തൊലിച്ച് ....... ഇത്രവേഗം ബെല്ലടിച്ചോ? എന്ന് പിറുപിറുത്ത്കൊണ്ട് കുട്ടികൾ ക്ലാസ്സിൽ കയറിയ ഒരു ദിവസം കൃത്യമായി പറയുകയാണെങ്കിൽ 2019 ഫെബ്രുവരിയിലെ ഒരു നട്ടുച്ച സമയം. ഉച്ചയൂണിന്റെ ഇന്റർവെൽ കഴിഞ്ഞ പ്രാർഥനക്ക് ശേഷം സ്കൂൾ മുഴുവൻ നിശബ്ദതയിലായിരിക്കെ, ഓഫീസിൽ നിന്നും ഹെഡ്മാസ്റ്റർ ഫോണുമായി വരാന്തയിലേക്ക് ഇറങ്ങി അധ്യാപകരെ വിളിച്ചുകൂട്ടുന്നത് കണ്ട് ഓഫീസിന് അടുത്ത ക്ലാസ്സിൽ ആയിരുന്ന ഞങ്ങൾ ചെവിവട്ടം പിടിച്ചു. നാളെ മുതൽ കുട്ടികൾ സ്കൂളിൽ വരേണ്ട. സ്കൂളുകളും മറ്റു പൊതുസ്ഥാപനങ്ങളും എല്ലാ അടച്ചിടാൻ പോകുന്നു. കൊറോണ എന്ന രോഗം കേരളത്തിലും എത്തിയിരിക്കുന്നു. മൂന്ന് നാല് ദിവസമായി വാർത്തകളിലൂടെ ഇതിനെക്കുറിച്ച് കേൾക്കുന്നു. ..

ഞങ്ങളുടെ ക്ലാസ്സിൽ നിന്നു ആഹ്ലാദാരവവും ഉയർന്നു. കൊറോണയോ, അതിന്റെ ഭീകരതയോ, ഞങ്ങളെ അലട്ടിയില്ല. നാളെ മുതൽ സ്കൂളില്ല. അതാണ് ഞങ്ങളെ സന്തോഷിപ്പിച്ചത്. കൊറോണയെ കുറിച്ച് അറിയാവുന്ന എല്ലാ കാര്യങ്ങളും ക്ലാസിലെ വിരുതന്മാർ പാണ്ഡിത്യത്തോടെ വിളമ്പി തുടങ്ങി.സ്കൂളിലെ തന്നെ അധ്യാപികയായ അമ്മയോടൊപ്പം സ്കൂട്ടറിൽ മടങ്ങുമ്പോൾ അമ്മയും പറഞ്ഞുകൊണ്ടേയിരുന്നു കൊറോണയെക്കുറിച്ച്. അങ്ങനെ ഞാനും കൂട്ടിൽ അടയ്ക്കപ്പെട്ടു.......ആദ്യം ലഭിച്ച അവധി. ദിവസങ്ങൾ ആഹ്ലാദിച്ചു, സന്തോഷിച്ചു, എങ്കിലും വീട്ടിലുള്ളവരുടെ പരിഭ്രമവും, മുത്തശ്ശന്റെ രോഗങ്ങൾക്കിടയിൽ അവർ പാടുപെടുന്നതും, ഒക്കെ കണ്ട് ഞാൻ അന്ധാളിച്ചു. പതിയെ പതിയെ നഷ്ടമായിക്കൊണ്ടിരിക്കുന്നവയെ കുറിച്ച് തിരിച്ചറിവുകൾ വന്നുതുടങ്ങി. തികഞ്ഞ സ്വാതന്ത്ര്യത്തോടെ പാറിപ്പറന്ന് നടന്ന ഞങ്ങൾ....... കൂട്ടുകാരുമൊത്ത് ഇണങ്ങിയും പിണങ്ങിയും നടന്നും ........ പുല്ലിനോടും പുൽച്ചാടിയോടും കഥ പറഞ്ഞ് ജീവിതം ആസ്വദിച്ചിരുന്ന ദിനങ്ങൾ.......

. വല്ലപ്പോഴുമെങ്കിലുമുള്ള ടൗണിൽ പോക്കും.......... ഹോട്ടൽ ഭക്ഷണവും ....... തിയേറ്ററിലെ സിനിമയും ........ ബന്ധുവീട്ടിലേക്കുള്ള പോക്കുകളും ......... കല്യാണം വീടുകളിലെ ആഘോഷങ്ങളും ........ എല്ലാം ഞങ്ങളുടെ മധുരസ്മരണകളായി മാറുന്നത് ചങ്കിൽ ഒരു നീറ്റലോടെ ഞാൻ തിരിച്ചറിഞ്ഞു .......ചേട്ടനും അനിയത്തിയുമായി എന്റെ കൂട്ടുകാർ ........ അമ്മയും അച്ഛനുമായി എന്റെ അധ്യാപകർ ...... വീട് ഒരു വിദ്യാലയവും, ആരാധനാലയവും , ആശുപത്രിയും എല്ലാമായി മാറിക്കൊണ്ടിരുന്നു ആ കൊച്ചു കിളിക്കൂട്ടിൽ ചിരിയും കരച്ചിലുമായി ഞങ്ങളും.

കൊറോണ എന്ന കുഞ്ഞൻ ഞാൻ കരുതിയതിലും എത്രയോ ശക്തനും ഭീകരനും ആണെന്ന് തിരിച്ചറിവ് വന്ന നാളുകൾ ....... മുത്തശ്ശന്റെ മരണം ..... കുടിയേറ്റ കർഷകനും , രാഷ്ട്രീയക്കാരനും ആയിരുന്നിട്ടും ആരുമില്ലാത്ത സംസ്കാര ചടങ്ങുകൾ ...... ഇന്ന് ചിരിച്ചു കാണുന്ന പല പരിചിത മുഖങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരുന്നു ....

.വിലക്കുകൾ കൂട്ടി ...... എങ്കിലും ആശുപത്രികൾ നിറഞ്ഞു കവിഞ്ഞു ....ഓൺലൈൻ ക്ലാസുകൾ ഓൺലൈൻ മത്സരങ്ങൾ ആഘോഷങ്ങൾ ആദ്യത്തെ ആവേശം വേഗം തന്നെ കെട്ടടങ്ങി ഒന്നിനും താല്പര്യമില്ലാത്ത അവസ്ഥ എന്തോ ഒരുതരം മരവിപ്പ് മനസ്സിനെ ബാധിക്കുന്നുവോ സാഹചര്യങ്ങൾക്കൊപ്പം പൊരുത്തപ്പെടാനായി മാതാപിതാക്കളും ..... അധ്യാപകരും .... മുതിർന്നവരും .... സമൂഹത്തിലെ മുഖംമൂടികൾ വെച്ച മുഖങ്ങൾ മനസ്സിനെ സങ്കടപ്പെടുത്തുന്നു .......പരസ്പരം പാലിക്കുന്ന ശാരീരിക അകലം മനസ്സുകളെ തമ്മിൽ അകറ്റുന്നുവോ ...... മഹാന്മാർ പറയുന്ന പോലെ ' കൂട്ടിൽ അകപ്പെട്ട കിളിക്കു പാടാൻ പറ്റും........


**എമിലിൻ മരിയ ജിയോ**

9 D





# കുഞ്ഞു പൂമ്പാറ്റ

അയ്യോ മാനത്തു പാറിപ്പറക്കേണ്ട
പൂമ്പാറ്റ കുഞ്ഞിനിതെന്തു പറ്റി?
കണ്ടിട്ടു തോന്നുന്നു നന്നായി
വയ്യെന്ന്
കാണാ കൺമണി പോലെ തന്നെ
ഇത്തിരിപ്പോന്ന ചോണനുറുമ്പിനും
ഈ പൂമ്പാറ്റക്കുഞ്ഞിനെ കൊണ്ടു പോകാം !
അയ്യോ പാവമീ പൂമ്പാറ്റക്കുഞ്ഞിനെ
കൺമണി പോലെ ഞാൻ കാക്കുമിന്ന്

മരിയ ടെന്നീസ്
**10 D**

# പ്രകൃതി സംരക്ഷണം

**സ്വാ**ഭാവികമായി നിലനിൽക്കുന്ന പ്രകൃതിയെ സംരക്ഷിക്കുന്നതിനായി ചെയ്യുന്ന പ്രവർത്തികളെയാണ് പ്രകൃതി സംരക്ഷണം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. പ്രകൃതി നമ്മുടെ അമ്മയാണ് ജലവും ജീവജാലങ്ങളും മരങ്ങളും പൂക്കളുമുള്ള സുന്ദരമായ പ്രകൃതിയെയാണ് മനുഷ്യൻ നശിപ്പിച്ചു കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ അശ്രദ്ധമായ പ്രവർത്തികൾ , പ്രകൃതി വിഭവങ്ങളുടെ അമിത ഉപയോഗം, ജനസംഖ്യവർദ്ധനവ് പേരിൽ മനുഷ്യൻ കാട്ടിക്കൂട്ടുന്ന മലിനീകരണ പ്രവർത്തനങ്ങൾ എന്നിവ പ്രകൃതിയിൽ മാറ്റം വരുത്തുന്നു. വനങ്ങൾ നശിപ്പിച്ചും , വന്യ മൃഗങ്ങളെ വേട്ടയാടിയും , വയലുകൾ നികത്തിയും , കുന്നുകൾ ഇടിച്ചും , മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നു. ഇങ്ങനെ ഭൂമിയുടെ സാന്തുലികാവസ്ഥ താളം തെറ്റുമ്പോൾ ഇതിൽ നിന്നും മോചനം ഉണ്ടാവണമെങ്കിൽ നാം പ്രകൃതിയെ സംരക്ഷിച്ചേ മതിയാകൂ. നമ്മുടെ ജീവിതകാലത്തിൽ ഒരു മരം എങ്കിലും നാം വെച്ചു പിടിപ്പിക്കണം. നമ്മുടെ പരിസ്ഥിതിയും പ്രകൃതി വിഭവങ്ങളും വരും തലമുറയ്ക്ക് കൂടി ആവശ്യപ്പെട്ടതാണ് എന്ന് നാം മനസ്സിലാക്കണം നമുക്കെല്ലാവർക്കും ഒന്നിച്ച് പ്രകൃതിയെ സംരക്ഷിക്കാം


**അയോണ ആന്റോ**

9 E

# ജീവിതം

പൊരുളറിയാതെ വായിച്ചു
തുടങ്ങവേ..
നിന്റെ ഓരോ വരികളും
എനിക്ക്  അന്യമാണ്
തുറക്കപ്പെട്ട താളുകളിൽ
വാക്കുകളാൽ  നീ  വരച്ച
മയിൽ പീലിയും
വെളിച്ചത്തെ ഭയപ്പെട്ട
അതിന്റെ കഥകളും എനിക്ക്  ദൃശ്യമാണ്
അവസാന താളും
മറിച്ചിടുമ്പോൾ,
അർത്ഥങ്ങൾ വറ്റിവരണ്ട്
പാതിയിൽ ചിതലരിച്ച നിന്റെ വരിയെ മറ്റൊരാൾ
മനസ്സിലാക്കാതിരുന്നിട്ടും
തുറക്കപ്പെടുന്ന നിന്റെ
അധ്യായങ്ങൾ
വിഢിയാവുകയാണ്
നീയെന്ന പുസ്തകവും

ഹിബ ഷെറിൻ കെ.എം
10 A

# ആന്റോണിയോയും അവന്റെ പട്ടിക്കുട്ടിയും

ഒരിടത്ത് ഒരു അമ്മയും മകനും ജീവിച്ചിരുന്നു. മകന്റെ പേര് ആന്റോണിയോ  എന്നായിരുന്നു .അവന്റെ അച്ഛനെ ചെറുപ്പത്തിലെ തന്നെ കാണാതെ ആയി . ആ അമ്മ മകനെ നന്നായി നോക്കി വളർത്തി. അവന് ഒരു പട്ടിക്കുട്ടി ഉണ്ടായിരുന്നു. മൃദുലമായ ശരീരവും നക്ഷത്രം തിളങ്ങുന്ന കണ്ണുകളും ഉള്ള ഒരു പട്ടിക്കുട്ടി. ആന്റോണിയോ അവനെ "റോണി" എന്ന് വിളിച്ചു. റോണിക്ക് ചെറുപ്പത്തിൽ തന്നെ ആന്റോണിയോ നല്ല പരിശീലനം കൊടുക്കുമായിരുന്നു. അങ്ങനെ ആ സന്തോഷകരമായ ജീവിതത്തിൽ ഒരു കൊടും ദുരന്തം സംഭവിച്ചു. അവന്റെ ജീവനായ റോണിയെ കാണാതെയായി. ആന്റോണിയോയ്ക്ക് ഒത്തിരി വിഷമമായി. അവൻ തന്റെ പട്ടിക്കുട്ടിയെ അന്വേഷിച്ച് ഇറങ്ങാൻ തന്നെ തീരുമാനിച്ചു .ഒരു കൂടു റൊട്ടി മാത്രമാണ് അവൻ  കയ്യിൽ കരുതിയത് .തന്റെ വീടിനു സമീപമുള്ള കുറ്റിക്കാട്ടിൽ അന്വേഷണം തുടങ്ങി. കാട്ടിനുള്ളിലേക്ക് നടന്ന അവൻ പെട്ടെന്ന് ഒരു കിണർ കണ്ടുപിടിച്ചു. അവൻ കിണറിലേക്ക് ഉറ്റുനോക്കി. കിണർ വറ്റിയതായും   എന്തോ ഒരു പ്രത്യേകത അതിനകത്ത് ഉള്ളതായും അവനു തോന്നി. അവൻ കിണറിലേക്ക് ചാടി ഒരു വാതിൽ കിണറിനകത്ത് കാണാൻ സാധിച്ചു. വാതിൽ തുറന്നപ്പോൾ മനോഹരമായ ഒരു ലോകം അവന് കാണാൻ സാധിച്ചു.

. ആന്റോണിയോ തന്റെ റോണിയെ അന്വേഷിച്ചു നടന്നു. ആ സമയത്ത് ആ ലോകത്തെ ജനങ്ങളെല്ലാം വളരെ ദുഃഖിതരാണെന്ന് അവന് മനസ്സിലാക്കുവാൻ സാധിച്ചു. അവൻ അതിലെ വന്ന ഒരു വൃദ്ധയോട് കാരണം ആരാഞ്ഞു. ആ രാജ്യത്തിലെ ജനങ്ങൾ കരഞ്ഞു തളർന്നിരിക്കുന്നതായി ആന്റോണിയോ കണ്ടു. വൃദ്ധ പറഞ്ഞു ഇത് തായിഷ് രാജ്യമാണ്. ഞങ്ങളുടെ രാജകുമാരിക്ക് ഒരു ശാപം ലഭിച്ചു രാജകുമാരിക്ക് ആനയുടെ മൂക്കും പൂച്ചയുടെ ചെവിയും വളർന്നിരിക്കുന്നു .ഒരു മാന്ത്രികക്കല്ലിന് മാത്രമേ ഈ ശാപത്തെ അകറ്റാൻ കഴിയൂ. രാജകുമാരി വളരെ പാവവും സന്തുഷ്ടയും ആയിരുന്നു. തന്റെ ജനത്തെ നന്നായി നോക്കിയിരുന്നു. പക്ഷേ ഇപ്പോൾ രാജകുമാരിയുടെ അവസ്ഥ വളരെ ദയനീയമാണ് .ഒരു നിമിഷം ചിന്തിച്ചതിനുശേഷം അവൻ പറഞ്ഞു , ഞാൻ ഒരു പട്ടിക്കുട്ടിയെ അന്വേഷിച്ച് ഇറങ്ങിയതാണ്. അവന് മൃദുലമായ ശരീരവും നക്ഷത്രം തിളങ്ങുന്ന കണ്ണുകളുമാണ്. ആശ്ചര്യഭാവത്തോടെ അവനെ നോക്കി എന്നിട്ട് ആ വൃദ്ധ പറഞ്ഞു "ഞാൻ ഒരു പട്ടിക്കുട്ടിയെ അവശനിലയിൽ എന്റെ വീടിന്റെ മുറ്റത്ത് കണ്ടു , ഞാൻ നിങ്ങളെ എന്റെ വീട്ടിലേക്ക് കൊണ്ടുപോകാം".

ആന്റോണിയോ സമ്മതിച്ചു. അവർ വൃദ്ധയുടെ വീട്ടിലേക്ക് നടന്നു. അങ്ങനെ അവസാനം അവർ വീട്ടിൽ എത്തിച്ചേർന്നു "റോണി... റോണി.." എന്ന് ആന്റോണിയോ ഉറക്കെ വിളിച്ചു കാരണം അവന് പ്രതീക്ഷ ഉണ്ടായിരുന്നു. അത്ഭുതം! അതാ റോണി ഓടി വരുന്നു. ആ നിമിഷം നിശ്ചലമായതു പോലെ അവന് തോന്നി.

തന്റെ പ്രിയ മിത്രത്തെ അവൻ വാരിപ്പുണർന്നു. റോണിക്കും ഒത്തിരി സന്തോഷമായി. കയ്യിലുണ്ടായിരുന്ന റൊട്ടിക്കഷണം അവൻ റോണിക്ക് കൊടുത്തു , ശേഷം രാജകുമാരിയെ രക്ഷിക്കാൻ അവർ തീരുമാനിച്ചു. വൃദ്ധ മാന്ത്രികക്കല്ല് ഒരു മലയിലാണ് എന്ന കാര്യം ആന്റോണിയോട് പറഞ്ഞു. ആന്റോണിയോയും റോണിയും യാത്ര പുറപ്പെട്ടു. വഴിയിൽ ഭീകരജീവികളെയും പ്രതികൂല സാഹചര്യങ്ങളെയും നേരിട്ട് അവർ ആ മലയിൽ എത്തിച്ചേർന്നു. മല കയറാനുള്ള സമയമായി. റോണിക്ക് കൃത്യമായ പരിശീലനം ആന്റോണിയോ നൽകിയത് കൊണ്ട് അവർ എളുപ്പത്തിൽ മലകയറി. മുകളിൽ എത്തിയ അവർക്ക് ഒരു കടങ്കഥയ്ക്ക് ഉത്തരം നൽകണം ആയിരുന്നു. പെട്ടെന്ന് തന്നെ ആ കടങ്കഥയുടെ പൊരുൾ അവർ മനസ്സിലാക്കി കടങ്കഥ ഇങ്ങനെയായിരുന്നു" തിന്മ ജയിക്കും അഗ്നി" അവന്റെ ഉള്ളിൽ അതിനുള്ള ഉത്തരം പെട്ടെന്ന് തെളിഞ്ഞു. "നന്മ" എന്ന് ഉരുവിട്ടതും പെട്ടെന്ന് മാന്ത്രികക്കല്ല് അവന്റെ കൈകളിൽ എത്തിച്ചേർന്നു. അവൻ അത് കൊട്ടാരത്തിലേക്ക് കൊണ്ടുപോയി രാജകുമാരിയുടെ മുടിയിൽ വയ്ക്കുകയും രാജകുമാരിയുടെ ശാപം മാറുകയും ചെയ്തു. പിന്നീട് നടന്നത് എല്ലാ കഥയിലെയും പോലെയല്ല. അവർ നല്ല സുഹൃത്തുക്കൾ ആയി. രാജകുമാരി ആന്റോണിയോക്ക് ധാരാളം സമ്മാനങ്ങൾ നൽകി. കുറച്ചുദിവസം അവർ കൊട്ടാരത്തിൽ സന്തോഷത്തോടെ ജീവിച്ചു. അതിനുശേഷം ആന്റോണിയോ തന്റെ ലോകത്തിലേക്ക് റോണിയുമായി തിരിച്ചുവന്നു. രാജകുമാരി തന്റെ ജനങ്ങൾക്ക് വേണ്ടി മുഴുവൻ സമയവും ചിലവഴിച്ചു. അവരുടെ ജീവിതത്തിൽ ഐശ്വര്യം തിരികെ വന്നു. "നന്മ ചെയ്യുന്നവർക്ക് നന്മ എന്നും കൂട്ടിനുണ്ടാകും" ശുഭം...

ഷാരോൺ മരിയ സിജു
9 D



# അമ്മ

ഓരോ രാത്രിക്കുമപ്പുറം
പുലരുന്ന പൂക്കളെ വിടരുന്ന
ചിരിയോടെ കാണാൻ പഠിപ്പിച്ചെന്നെ വളർത്തിയോളെന്നമ്മ

പിച്ചവെയ്ക്കുന്ന കാലിടറിയാൽ
എൻപിഞ്ചുകരം
എത്തിപ്പിടിക്കുന്നോൾ അമ്മ,

പകരം വെക്കാൻ ഇല്ലാത്ത
ദൈവത്തിന്റെ ഏറ്റവും
വലിയ സമ്മാനം തൻ
എന്നമ്മ.....

സ്നേഹിക്കാൻ എന്നെ പഠിപ്പിച്ചതും,
കാണാക്കിനക്കളാൽ അലയുന്നൊരെൻ
ഹൃദയത്തെ വർണ്ണമാക്കുന്ന അ-
ത്ഭുത ശക്തിയെൻ അമ്മ....
മുൻ ജന്മത്തിലെങ്ങോ
ഞാൻ ചെയ്ത നന്മയ്ക്കു
ഈശ്വരൻ തന്നൊരു നിധിയെന്നമ്മ

എനിക്ക് വേണ്ടി വാദിക്കുന്ന എന്റെ വക്കീലാണ്,
എന്റെ നിധിയാണ്, എന്റെ ഡോക്ടർ ആണ്,
എന്റെ അഹങ്കാരമാണ് എൻ അമ്മ


അശ്വിൻ പ്രസാദ്. കെ

10 B

# പ്രത്യാശ

ആരാണ്
ആകാശം മുട്ടുമ്പോൾ
സ്വപ്നങ്ങൾ
തകർന്നു വീഴുമെന്ന്
മേഘക്കീറുകളിൽ
എഴുതാൻ ശ്രമിക്കുന്നത്
അതെങ്കിൽ
ഭൂമിയുടെ അവകാശികൾ
ഒരിക്കലെങ്കിലും
മാനത്തു നോക്കി
നെടുവീർപ്പിടാത്തൊരു
ദിവസത്തെപ്പറ്റി പറയുക

നിഹാല ജബിൻ സി. എ
10 B

# ലഹരി ആപത്ത്

ഇന്ത്യയിൽ അമ്പതു ലക്ഷത്തിൽ പരം ആളുകൾ മയക്കു മരുന്നിനു അടിമകളായി തീർന്നിട്ടുണ്ട് എന്നാണ് ഏകദേശമായൊരു കണക്ക്.അതുപോലെ രാജ്യത്ത് നടക്കുന്ന പല അക്രമസംഗങ്ങളുടെയും പിന്നിലും മയക്ക് മരുന്നിന്റെ സ്വാധീനം കണ്ടെത്തിയിട്ടുണ്ട്.സമ്പന്നരാഷ്ട്രങ്ങളിലായിരുന്നു അമിതമായ മയക്കുമരുന്നിന്റെ ഉപഭോഗം ഉണ്ടായിരുന്നത്. എന്നാൽ അത് ഇന്ത്യയിലുംവ്യാപകമായി കഴിഞ്ഞു. യുവാക്കളെയാണ് മയക്കുമരുന്ന് ഏറെ ആകർഷിക്കുന്നത്. പുകവലിയിൽ നിന്നാണ് ഈ ദുശ്ശീലം ആരംഭിക്കുന്നത്. പുകവലിക്കാർ ക്രമേണ മദ്യത്തിന് അടിമകളായി തീരും. കുറെ കഴിയുമ്പോൾ ലഹരിയുടെ ലോകത്ത് എത്തുന്നതിന് വേണ്ടി അവർ മയക്കുമരുന്നിനെ ആശ്രയിക്കുന്നു.വിദ്യാർത്ഥികളുടെ ഇടയിലാണ് മയക്കു മരുന്നിന്റെ വിൽപ്പന കൂടുതലായി കാണുന്നത്.ഒരിക്കൽ ഉപയോഗിച്ചു കഴിഞ്ഞാൽ ഒരിക്കലും മോചനം നേടാൻ കഴിയാത്ത ഒരു സ്ഥിതിയിലെത്തിചേരും. ക്രമേണ ഉപഭോക്താക്കൾ മാനസികാരോഗ്യത്തിന് അടിമകളായി തീരും. ആദ്യമൊക്കെ ഒരു ഹോബിയായിട്ടാണ് ആളുകൾ ഇതിനെ കാണുന്നത് . എന്നാൽ കുറെ കഴിയുമ്പോൾ ഇത് കൂടാതെ കഴിയാൻ പറ്റാത്ത അവസ്ഥയിൽ എത്തിച്ചേരും.

മയക്കു മരുന്ന് നമ്മുടെ ഹൃദയത്തിന്റെയും തലച്ചോറിന്റെയും പ്രവർത്തനം മന്ദീഭവിപ്പിക്കും. വിനാശകരമായ ആ വിഷത്തിനടിമപ്പെട്ടാൽ ഭ്രാന്തരെപ്പോലെ ഭാവിജീവിതം കഴിച്ചുകൂടേണ്ടതായി വരും. പലരോഗങ്ങളും വന്നു ആകാലചരമം അടയുന്നതിനും ഇടയാക്കും.മയക്കു മരുന്ന് ഉപയോഗിച്ച് ശീലിച്ചവർ അത് കിട്ടാതെ വന്നാൽ അക്രമകാരികളായി മാറുന്നത് കാണാം. രാജ്യത്ത് നടക്കുന്ന പല കൊലപാതകങ്ങളുടെയും പീഡനങ്ങളുടെയും പിന്നിലെ ചേതോവികാരം മയക്കുമരുന്നിൽ നിന്നാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.മയക്കു മരുന്ന് വിൽപ്പന നടത്തുന്നതും ഉപയോഗിക്കുന്നതും കുറ്റകരമാണെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷെ പലതും പിടിക്കപ്പെടാതെ പോകുന്നു. വിദ്യാർത്ഥികൾ, തൊഴിലാളികൾ,മദ്യപാനികൾ എന്നിവരുടെ ഇടയിൽ എല്ലാം വ്യാപകമായ തോതിൽ ഇന്നും നടക്കുന്നു.

ആൺ പെൺ വ്യത്യാസമില്ലാതെ മയക്കുമരുന്നിന് അടിമപ്പെട്ടവരെ പറ്റി നാം കേട്ടിട്ടുണ്ട്. പലരും പോലീസിന്റെ പിടിയിലായി ശിക്ഷ അനുഭവിക്കുന്നതായും നമുക്കറിയാം.എങ്കിലും ഇത് ഉന്മൂലനാശം ചെയ്യുവാൻ നമുക്കായിട്ടില്ല. എത്ര എത്ര കുടുംബങ്ങളാണ് ഇതിന്റെ പേരിൽ കണ്ണീർ കുടിക്കുന്നത്. എത്ര ജീവനാണ് ഇതിന്റെ പേരിൽ ഓരോ ദിവസവും പൊലിയുന്നത്.

മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിനുവേണ്ടി മാതാപിതാക്കൾ, അധ്യാപകർ, എന്നിവരെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്.കുട്ടികളുടെ ഓരോ ദിവസവുമുള്ള പ്രവർത്തികളും സ്വഭാവവിശേഷങ്ങളും നിരീക്ഷിച്ചു മനസ്സിലാക്കണം. ചീത്ത കൂട്ടു കെട്ടിനുള്ള സാഹചര്യം ഒഴിവാക്കണം.സ്കൂൾ, കോളേജ് തലങ്ങളിൽ മയക്കു മരുന്നിന്റെ ദൂഷ്യ വശങ്ങളെ കുറിച്ച് വേണ്ടത്ര ബോധവൽകരണം നടത്തണം.ഭ്രാന്തമായ ഒരു ലോകത്തെ സൃഷ്ടിക്കാൻ നാം കൂട്ടു നിൽക്കരുത്.മയക്കു മരുന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽ പെട്ടാൽ അധികാരികളെ വിവരം അറിയിക്കണം.കുടുംബാംഗങ്ങൾ തമ്മിൽ എന്നും കൂട്ടായി ചർച്ച നടത്തണം.ഒറ്റയ്ക്കിരുന്നു ചിന്തിക്കുന്നവരെയും ഒറ്റയ്ക്ക് കഴിയാൻ ഇഷ്ട്ടപ്പെടുന്നവരെയും പ്രത്യേകം നിരീക്ഷിക്കണം. അവരെ നേരായ മാർഗത്തിൽ എത്തിക്കാൻ വേണ്ട കാര്യങ്ങൾ ചെയ്യണം . ഈ വിഷം നാട്ടിൽ പരത്താൻ അനുവദിക്കുകയില്ലെന്ന് പ്രതിജ്ഞ എടുക്കണം...

ദിയ പി. കെ
9 E

# ചിറകറ്റ പക്ഷികൾ

മരണങ്ങൾ മാടി വിളിക്കുന്നു ജീവനെ.....
നിങ്ങളാൽ തന്നെയി കാരണക്കാർ.....
തൻ വിധി താൻ തന്നെ എഴുതുന്നുവോ....
രക്തബന്ധങ്ങൾ മറക്കുന്നുവോ
തൻ ജീവന് ഇന്ന് വിലയറ്റുപോകുന്നു.....
ബന്ധനങ്ങൾ നിന്നെ കുത്തുന്നുവോ
നിൻ വപുസ് എന്തിന്  ലഹരിക്ക് കീഴിൽ വച്ചു
നീട്ടുന്നു മനുജരെ നിങ്ങൾ......

ഓർക്കുക മക്കളെ നീ ചെയ്ത തെറ്റുകൾ....
സൂചിമുനയേക്കാൾ മൂർച്ചയേകും....
കാലത്തിൻ പോക്കുകൾ...
നിൻ ഹൃദ്യസ്പന്ദനം.... എന്നേക്കുമായി നിലയറ്റു
പോകുന്നു........
ഇരുൾ മൂടിയ ലോക ഗോളത്തിൽ നമ്മൾ ഒന്നുമില്ലായ്മയിൽ....
മാഞ്ഞുപോകുന്നുവോ......

ടിംബിൾ മരിയ സാനു
10 C

# സിംഹത്തെ വീഴ്ത്തിയ മുയൽ

ചാവന്നക്കാട് നല്ല വെള്ളവും സമൃദ്ധമായ പുല്ലും ഒക്കെ ഉള്ള സ്ഥലമാണ്. അവിടെ താമസിച്ചിരുന്ന ഒരു സിംഹം പക്ഷേ ഏഴുദിവസം കൂടുമ്പോൾ ഒരു  മൃഗത്തെ പിടിച്ചു കൊന്നുതിന്നും. താനായിരിക്കുമോ അടുത്ത ഇര എന്ന ഭീതിയിലാണ് ഓരോ മൃഗവും കഴിഞ്ഞിരുന്നത്.ഇങ്ങനെ പോയാൽ ശരിയാവില്ല. വെറുതെ എന്തിനു പേടിച്ചു ജീവിക്കണം. എന്തെങ്കിലും ഒരു തീരുമാനമുണ്ടാക്കുകതന്നെ."

മാനിന്റെ ഈ ചിന്തയാണ് മൃഗങ്ങളുടെ ആലോചനായോഗത്തിനു കാരണമായിത്തീർന്നത്. അവിടെ അന്നത്തെ തീരുമാനപ്രകാരം മൃഗങ്ങളെല്ലാവരും കൂടി സിംഹത്തിന്റെ അടുത്തെത്തി പറഞ്ഞു.

"അല്ലയോ മഹാരാജൻ, അങ്ങ് വേട്ടയാടി കഷ്ടപ്പെടുന്നതു കാണുമ്പോൾ ഞങ്ങൾക്കൊക്കെ വിഷമമുണ്ട്. മാത്രമല്ല ജീവനിൽ ഞങ്ങൾക്കൊക്കെ ഭീതിയുണ്ടെന്നു കരുതിക്കൊള്ളൂ."

“അതിന്?” വളരെ ഗൗരവത്തിൽ സിംഹം ചോദിച്ചു.

“ഞങ്ങൾ ഈ കാട്ടിലെ മൃഗങ്ങൾ ഒരുമിച്ചൊരു തീരുമാനം എടുത്തിരിക്കുന്നു. ഓരോ ഏഴു ദിവസം കൂടുന്തോറും ഒരു മൃഗത്തെ അങ്ങയുടെ ഗുഹയിലേയ്ക്ക് അയയ്ക്കാം. അതാരായിരിക്കുമെന്ന് ഞങ്ങൾ നറുക്കിട്ടു തീരുമാനിക്കും.”

പൊട്ടിച്ചിരിച്ചുകൊണ്ട് സിംഹം പറഞ്ഞു. “കൊള്ളാം; നല്ല തീരുമാനം. വ്യവസ്ഥ പക്ഷെ ഒരിക്കലും ലംഘിക്കരുത്. അങ്ങനെ വന്നാൽ.....

“ഇല്ല, വ്യവസ്ഥ ഞങ്ങൾ ലംഘിക്കില്ല.” സിംഹം പൂർത്തിയാക്കുന്നതിനു മുൻപേ മൃഗങ്ങൾ ഒന്നടങ്കം പറഞ്ഞു.

“പിന്നെ കുളിച്ചു വൃത്തിയായി വരികയും വേണം.” “ഏറ്റു; ഞങ്ങളേറ്റു. ” പേടി കൂടാതെ ജീവിക്കാമെന്ന സന്തോഷത്തോടെ മൃഗങ്ങൾ ഒന്നടങ്കം വിളിച്ചുകൂവി. ആദ്യം നറുക്കു വീണത് മാനിനായിരുന്നു.

അങ്ങനെ പല ദിവസങ്ങൾ കടന്നുപോയി. ഭീതി ഒഴിഞ്ഞെങ്കിലും മൃഗങ്ങളെല്ലാം ദുഃഖിതരായിരുന്നു. ഇന്നല്ലെങ്കിൽ നാളെ തങ്ങളുടെ ഊഴം വരുമെന്ന് അവർക്കറിയാമായിരുന്നു. അങ്ങനെ ആ ദിവസം വന്നു. മുയലിന് നറുക്കുവീണ ദിവസം.

മുയലിനു പക്ഷേ പേടിയൊന്നും തോന്നിയില്ല. "ഇന്നത്തോടെ അവന്റെ കഥ കഴിക്കും." ഇതു തന്നെ ആവർത്തിച്ചുകൊണ്ടേയിരുന്നു .സിംഹത്തിന്റെ ഗുഹയിലേക്കുള്ള യാത്ര പോകുന്ന വഴിയിൽ മുയൽ ചെളിയിൽ കിടന്നു നന്നായുരുണ്ടു.

മുയൽ സിംഹത്തിന്റെ അടുത്തെത്തി. ചെളി പുരണ്ട ശരീരവുമായി തന്റെ മുന്നിൽ നില്ക്കുന്ന മുയലിനെക്കണ്ട് സിംഹം അലറി. "ഫ..... വൃത്തികെട്ടവനേ, കുളിച്ച് വൃത്തിയായി വരണമെന്ന് പറഞ്ഞിട്ട്." സിംഹത്തെ അങ്ങേയറ്റം താണുവണങ്ങിക്കൊണ്ട് മുയൽ ഉണർത്തിച്ചു.

"മഹാത്മാവേ, അടിയനല്ല അങ്ങയുടെ ഇന്നത്തെ ആഹാരം. മറ്റൊരു വലിയ മുയലായിരുന്നു. അവനെയുംകൊണ്ടു വരുന്നവഴി മറ്റൊരു സിംഹം അവനെ പിടിച്ചുവച്ചിരിക്കുകയാണ്."

"ഞാനല്ലാതെ ഈ കാട്ടിൽ മറ്റൊരു സിംഹമോ?"

"സത്യമാണങ്ങുന്നേ, മാത്രമല്ല ആ ദുഷ്ടൻ അങ്ങയെ അപമാനിക്കുകയും വെല്ലുവിളിക്കുകയും ചെയ്തു." അതുകൂടി കേട്ടപ്പോൾ സിംഹത്തിന്റെ കോപം ഇരട്ടിച്ചു. ചാടിയെഴുന്നേറ്റുകൊണ്ട് സിംഹം പറഞ്ഞു. "എവിടെയവൻ? ഒറ്റയടിക്കു ഞാനവനെ തീർക്കും."

“അങ്ങുന്നേ വരൂ; പക്ഷെ സൂക്ഷിക്കണേ. ഭയങ്കരനാണവൻ.” മുയലിന്റെ പിറകേ സിംഹം യാത്രയായി. വലിയൊരു കിണറിന്റെ അടുത്തെത്തിയപ്പോൾ മുയൽ പറഞ്ഞു. “അങ്ങുന്നേ ഇതിനകത്താണവൻ. പക്ഷെ സൂക്ഷിക്കണേ..”

കിണറിനുള്ളിലേക്കു നോക്കിയ സിംഹം വെള്ളത്തിൽ തന്റെ പ്രതിബിംബം കണ്ടു. അവൻ അലറിയപ്പോൾ കിണറിനുള്ളിലെ

സിംഹവും അലറി. കോപം കൊണ്ടു ജ്വലിച്ച സിംഹം അലറിക്കൊണ്ട് കിണറിനുള്ളിലേക്ക് ഒറ്റച്ചാട്ടം.

സിംഹത്തിന്റെ ശല്യം അവസാനിച്ചതറിഞ്ഞ മൃഗങ്ങൾ ആനന്ദനൃത്തമാടി. മുയലിനെ മാറിമാറി തോളിലേറ്റി അവർ കാടുമുഴുവൻ കറങ്ങി.

ദിയ പി.കെ
9 E

# ജയം

എവിടെ നീ
തിരിച്ചു ചിന്തിക്കാൻ
തുടങ്ങിയോ...

എവിടെ നീ അനുഭവങ്ങളെ,
അളന്നുകീറി അതിന്റെ
ഫലത്തെ ഉൾകൊള്ളാൻ
തുടങ്ങിയോ...

അവിടെ നീ ജയിക്കുവാൻ
തുടങ്ങുകയാണ്...

കനവും തൂക്കവുമുള്ള
ഒന്നും വേണ്ട...

മനുഷ്യനായി നീ
ജയിക്കുകയാണ്,
ജീവിക്കുകയാണ്.

ഷഹല സിദ്ദിഖ്
10 A

# ഉയരങ്ങളിലേക്ക്

ഒരിടത്തൊരിടത്തൊരു ചെറിയ ഗ്രാമം ഉണ്ടായിരുന്നു. ആ ഗ്രാമത്തിൽ ഒരു ദരിദ്രകുടുംബം ഉണ്ടായിരുന്നു കുടുംബത്തിൽ നാലു പേരാണ് ഉണ്ടായിരുന്നത്. നരേശും ലക്ഷ്മിയും അവരുടെ രണ്ടു മക്കളും നാലയും ലാനയും. നാല മൂത്തവളും ലാന ഇളയവളും ആയിരുന്നു. നരേഷ് ഒരു മീൻ പിടുത്തക്കാരൻ ആണ്. നരേഷ് കടലിൽ പോയി മീൻ പിടിച്ചു കൊണ്ടുവരും ലക്ഷ്മി അത് ചന്തയിൽ പോയി വിൽക്കും. ഇങ്ങനെയാണ് അവരുടെ കൊച്ചുകുടുംബം മുന്നോട്ടു പോയിരുന്നത്. അങ്ങനെ കുടുംബം നന്നായി പോയി കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു ദിവസം നരേഷിന്റെ തോണി മോഷ്ടിക്കപ്പെട്ടു. അവർ വളരെ സങ്കടത്തിൽ ആയി അങ്ങനെ ആ കുടുംബത്തിന്റെ വരുമാനം നിന്നു. ഒരു ദിവസം ലക്ഷ്മിയോട് പറഞ്ഞു. നമ്മുടെ വരുമാനം നിന്നു. ഇനി എങ്ങനെ മുന്നോട്ടു പോകും. നമ്മുടെ മക്കളെ നമുക്ക് പഠിപ്പിക്കേണ്ടേ. ലക്ഷ്മിയുടെയും മനസ്സിൽ അതിനെക്കുറിച്ച് തന്നെയായിരുന്നു. പെട്ടെന്ന് ലക്ഷ്മിക്ക് ഒരു ആശയം ഉദിച്ചു അത് നരേഷിനോട് പറഞ്ഞു. അത് നല്ല ആശയമാണെന്ന് പറഞ്ഞു. നാലയും ലാനയും അത് തന്നെ പറഞ്ഞു പിറ്റേദിവസം കടൽ തീരത്ത് പോയി ഒരു ചെറിയ കട തുടങ്ങി വലക്കട മുക്കുവന്മാർ മീൻ പിടിക്കുന്നതിനായി മാസത്തിൽ വലകൾ മാറ്റാറുണ്ട്. എന്ന ചിന്തയോടെ ആണ് തുടങ്ങിയത് ലക്ഷ്മിക്കും നാലക്കും നന്നായി വല ഉണ്ടാക്കാൻ അറിയാം. ലക്ഷ്മിയും നാലയും വീട്ടിലിരുന്ന് വല ഉണ്ടാക്കും. അത് ലാന തീരത്ത് നിൽക്കുന്ന അച്ഛൻറെ അടുത്തു കൊണ്ടുപോയി കൊടുക്കും.

അങ്ങനെ അവർ അതു വെച്ച് കിട്ടിയ പണം ഉപയോഗിച്ച് നരേഷ് ഒരു പുതിയ ബോട്ട് വാങ്ങിച്ചു. അങ്ങനെ മീൻപിടുത്തം വീണ്ടും ആരംഭിച്ചു .പഴയതുപോലെ തന്നെ ലക്ഷ്മി ചന്തയിൽ മീൻ വിറ്റു തുടങ്ങി. അതിന്റെ കൂടെ തന്നെ വലയും വിറ്റു. അവരുടെ മക്കൾ സ്കൂളിൽ പോയി തുടങ്ങി. അവർ അങ്ങനെ സന്തോഷത്തോടെ ജീവിച്ചു.....

അൽന എലിസബത്ത് തോമസ്
8 B

# മുറ്റത്തെ പൂക്കൾ

എന്നുമുണർന്നു ഞാൻ
മുറ്റത്തു നോക്കുമ്പോൾ
മണമുള്ള പൂക്കൾ വിരിഞ്ഞു നിൽപ്പൂ
ചുറ്റും പറന്നെത്തും പൂമ്പാറ്റക്കുഞ്ഞുങ്ങൾ
പൂക്കളെ മുത്തിത്തലോടി നിൽപ്പൂ
ആഹാ മനോഹരം മുറ്റത്തെ കാഴ്ചകൾ
പൂക്കൾ വിരിയട്ടെ എന്നുമെന്നും

മരിയ ടെന്നീസ്
10 B

# അനാഥത്വം

ഒരു കൊച്ചു പട്ടണത്തിലെ കഥയാണ്. ആ പട്ടണത്തിലെ ഒരാളായിരുന്നു മുഹമ്മദ് . മുഹമ്മദിന് ഭാര്യയും മൂന്ന് മക്കളുമാണ് . മൂത്തത് മകനാണ് . ഏഴാം ക്ലാസ്സിലാണ്, അതിന്റെ ഇളയത് മകളാണ് . അഞ്ചാം ക്ലാസ്സിൽ, ഏറ്റവും ചെറുത് മൂന്നിലുമാണ് . വളരെ സന്തോഷത്തിലായിരുന്ന ആ കുടുംബത്തിന് പെട്ടന്ന് ഒരു തകർച്ച സംഭവിച്ചു.മുഹമ്മദിന്റെ ഭാര്യ സുഹറയ്ക്ക് പെട്ടെന്ന് വയ്യാതായി . അങ്ങനെ ഹോസ്പിറ്റലിൽ കാണിച്ചപ്പോഴാണ് സുഹറയ്ക്ക് ഒരു മഹാ രോഗമായ ക്യാൻസർ ആണെന്ന് അറിഞ്ഞത്. വളരെയധികം സന്തോഷത്തിലായിരുന്ന ആ വീട്ടുകാർക്ക് സങ്കടമേറിയ ഒരു കാര്യമായിരുന്നു. മുഹമ്മദിന് മരപ്പണിയായിരുന്നു ജോലി. രാവിലെ പോയാൽ വൈകുന്നേരമാണ് വീട്ടിൽ എത്തുന്നത് .വളരെ തുച്ഛമായ ശമ്പളമാണ് ഇതിലൂടെ ലഭിക്കുന്നത്.സുഹറയുടെ മരുന്നിന്റെ എണ്ണം കൂടി കൂടി വന്നു പക്ഷെ ഇപ്പോഴും ആ കുട്ടികൾക്ക് അറിയില്ല തന്റെ ഉമ്മയ്ക്ക് ക്യാൻസർ എന്ന രോഗമാണെന്ന്. ഉമ്മയോട് മക്കൾ ചോദിച്ചു എന്തിനാണ് ഉമ്മ ഇത്രയും മരുന്നുകൾ കഴിക്കുന്നത് ? ഉമ്മ സങ്കടത്തോടെ പറഞ്ഞു "ഉമ്മയ്ക്ക് ചെറിയ ഒരു പനി അത് മാറിക്കോളും മക്കൾ പേടിക്കണ്ട". അപ്പോൾ ചെറിയ മകൻ പറഞ്ഞു "ഉമ്മ വെറുതെ കുറേ മരുന്ന് കഴിച്ച് ശരീരം കേടാക്കരുതേ"

ഉമ്മയ്ക്ക് കരച്ചിൽ  വന്നു. ഉമ്മ മക്കളോട്  പറഞ്ഞു മക്കൾ  നന്നായി പഠിക്കണം പഠിച്ച് വലിയ ആളാവണം. കുറച്ചു കഴിഞ്ഞ് വാപ്പ  ജോലി കഴിഞ്ഞു വന്നു. സുഹറയുടെ  അടുത്ത് ചെന്ന് പറഞ്ഞു. പണം  ഒന്നിനും തികയുന്നില്ല എന്ത് ചെയ്യും .സുഹറ  പറഞ്ഞു" എന്റെ സ്വർണം  താൽക്കാലത്തേയ്ക്ക് പണയം വെച്ചോളൂ". മുഹമ്മദ് പറഞ്ഞു അത്  വേണോ? സുഹറ പറഞ്ഞു ഇത് ഇപ്പൊ ആവശ്യം ഉണ്ട് ഇത് പണയം വെക്കണം. പിറ്റേ ദിവസം മുഹമ്മദ് സ്വർണ്ണം പണയം  വെച്ച് സുഹറക്കുള്ള മരുന്ന് വാങ്ങി തിരിച്ചു വീട്ടിലേക്ക് നടന്നു . വീട്ടിൽ എത്തി. അപ്പോൾ കുറേ ആൾകാർ കൂടി നിൽക്കുന്നു പക്ഷേ ഒന്നും മനസിലായില്ല അകത്തേക്കു കയറി നോക്കിയപ്പോൾ സുഹറയ്ക്ക് ചുറ്റുമിരുന്ന് മക്കൾ  കരയുന്നു. സുഹറാ... എന്നൊരു നീട്ടിവിളി. കൈയിലുള്ള മരുന്ന് വലിച്ചെറിഞ്ഞ് സുഹറയ്ക്ക്  അടുത്തേക് ഓടി. മക്കൾ പറഞ്ഞു വാപ്പ  ഉമ്മ നമ്മളെയൊക്കെ വിട്ട് പോയി വാപ്പ. വാപ്പാക് സങ്കടം താങ്ങാനായില്ല. അങ്ങനെ ഉമ്മാന്റെ മരണത്തിന്  ശേഷം കുറച്ചു ദിവസം കഴിഞ്ഞു വാപ്പ മക്കളോട് പറഞ്ഞു നിങ്ങളെ ഞാൻ ഒരു സ്ഥലത്തേക്ക് കൊണ്ട് പോവുകയാണ്  അവിടെ മക്കൾ  നല്ല അച്ചടക്കത്തോടെ ഇരിക്കണം തല്ലൊന്നും ഉണ്ടാകരുത് മൂത്ത മകനോട് പറഞ്ഞു നീയാണ് നിന്റെ അനിയനെയും അനിയത്തിയെയും നോക്കണ്ടത് വാപ്പ നാളെ വരാം ഇന്ന് മക്കൾ ഇവിടെ നിൽക്കണം എന്ന് പറഞ്ഞു വിഷമത്തോടെ തിരിച്ചു വീട്ടിൽ പോയി.

. അനാഥാലയത്തിലാണ് മക്കളെ കൊണ്ട് വിട്ടത്. വീട്ടിൽ വന്ന വാപ്പ സുഹറയുടെ ഫോട്ടോ നോക്കി കൊണ്ട് പറഞ്ഞു മക്കളെ സുരക്ഷിത  സ്ഥലത്ത് എത്തിച്ചിട്ടുണ്ട്. അടുക്കളയിൽ ചെന്ന് ചോറിൽ വിഷമരുന്ന്  ചേർത്തു. അയൽവാസികളോട്  ചെന്ന് പറഞ്ഞു ഞാൻ മരിച്ചാലും എന്റെ മക്കളെ അറിയിക്കരുതെന്ന്. തിരിച്ചു വന്നു ആ ചോർ കഴിച്ച് വാപ്പ മരണപെട്ടു. ദിവസങ്ങളായി  മക്കൾ ഇപ്പോഴും വാപ്പ വരുമെന്ന് കരുതി ജീവിക്കുന്നു.

സിയ സുധീർ

8 B

# ഭൂമി

ഇന്നത്തെ കാലഘട്ടത്തെ
ഒന്ന് ഓർത്തോർത്ത്
ആശ്ചര്യപ്പെട്ട് നിന്നുപോകേ
കാലങ്ങൾ പെട്ടെന്നു നീങ്ങുന്നു
വേഗത്തിൽ ഭൂമിയിൽ
എത്രയും വംശനാശം
മാലിന്യം കൂടി ചേരുമ്പോഴു
കഞ്ചാവിന് അടിമയായി മാറുമ്പോഴും
ഭൂമിയിൽ എത്ര തിന്മകൾ പകരുന്നു
ആയിരമായിരം ആൾക്കൂട്ടങ്ങളിൽ

ഷെറിൻ മാത്യു
8B

# എന്റെ സ്വപ്നം

ഒരു കൊച്ചു പൂവിൻ ഞാനെന്റെ സ്വപ്നം വിരിച്ചു.
സ്വപ്നങ്ങൾ അണിഞ്ഞൊരു വർണ്ണശലഭമായി മാറി.
സൗഹൃദത്തിന്റെ   ഗീതമോതി  അവൾ പാറി നടന്നു.
ഒരു ചെറുപുഞ്ചിരിയാൽ, ഒരു വാക്കാൽ,ഒരു നോക്കാൽ,
ലോകത്തോട് എന്തോ പറയാൻ അവൾ സമയം കാത്തിരുന്നു.
നീയും ഇന്നൊരു പൂവായി മാറി.
നീയൊരു വർണ്ണ ശലഭമായി...
ഒരു ചെറു സ്വപ്നവും നീ നിൻ ജീവിതം തന്നെയിതു
സത്യം.
സ്വപ്നങ്ങളും മോഹങ്ങളും നിൻ മിഴിയിൽ ഞാൻ കണ്ടു
പറയുകയാണുള്ളം വീണ്ടും ഇത് വെറുമൊരു സ്വപ്നം
മാത്രം...

സഫ നസ്റിൻ

8B


Thank you